# E-മഷി

GMHS RAROTH

മൃദുലവും ആർദ്രവുമായ
മഷിത്തണ്ടിൽനിന്നും
നനവു വറ്റിയ
E- മഷിയിലേക്കുള്ള ദൂരം ചെറുതല്ല.......

പഴമയുടെ ഗൃഹാതുരത്വം ഉണർത്തുന്ന മഷിതണ്ടിന്റെ ഓർമകൾക്ക്
നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.....

എങ്കിലും മനസ്സിൽ
സ്നേഹത്തിന്റെ,
സൗഹൃദത്തിന്റെ
ഉണങ്ങാത്ത
പച്ചപ്പുകൾ
കാത്തുവെക്കുന്നവർക്കാണീ

E- മഷി

E-മഷി

# EDITORIAL BOARD

Chief editor : Rajani mol,Kite master

Student editors:Naja fathima cv
Devananda.v
Fella

Design and
developed by :sijeesh john,Teacher

# ആശംസ

വിദ്യാർത്ഥികളുടെ സർഗാത്മക വാസനകൾ പുറത്തുകൊണ്ടു വരിക എന്നത് യഥാർത്ഥ വിദ്യാഭ്യാസത്തിൻറെ ഭാഗം തന്നെയാണ്. വിദ്യാർത്ഥികളിൽ അന്തർലീനമായി കിടക്കുന്ന വ്യത്യസ്ത കഴിവുകൾ പുറത്തുകൊണ്ടുവരാൻ പുതിയ സാങ്കേതിക വിദ്യയ്ക്ക് കഴിയും. രാരോത്ത് ഗവൺമെൻറ് മാപ്പിള ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കിയ E- മഷി ഡിജിറ്റൽ മാഗസിന് എൻറെ എല്ലാവിധ ആശംസകളും നേരുന്നു. ഇതിനായി പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും കൈറ്റ് മാസ്റ്റർ രജനി മോൾക്കും അഭിനന്ദനങ്ങൾ

ജഗന്ദിനി
ഹെഡ്മിസട്റസ്

# ഓർമ്മച്ചെപ്പ്

ഈ കലാലയം എൻ പ്രിയ കലാലയം
എന്നുമെന്നു ഓർത്തു വെക്കാൻ നന്മകൾ മാത്രം
പ്രിയരോടൊന്നിച്ച് നിൽക്കും നിമിഷങ്ങൾ
പ്രിയകരമായൊരു ഓർമ്മയായി.....
പൂന്തോട്ടത്തിലെ പൂമ്പാറ്റയെന്ന പോൽ
പ്രിയ വിദ്യാർത്ഥികൾ ഓടിയെത്തുന്നേരം
അടക്കുവാനാവാത്ത നിർവൃതിയായെൻ മാനസമെന്നെന്നും
നിലകൊള്ളുന്നേ .....
എത്ര പിന്നിട്ടാലും എന്നെന്നുമെത്തുമ്പോൾ സ്നേഹനിധികളായ്
അനുഭൂതിയേകീടും പ്രിയ കൂട്ടുകാരേ സ്നേഹാദരം ...... എന്നും
സ്നേഹാദരം .....

-N.Vijaya

retired teacher

# താളുകളിലൂടെ


| | |
|---|---|
| ജി.എം.എച്ച്.എസ്.രാരോത്ത് | -കുറിപ്പ് |
| സ്ക്രൂൾ ചിത്രങ്ങൾ | -ചിത്രങ്ങൾ |
| രണ്ട് പ്രണയ കവിതകൾ | -കവിത |
| നഷ്പ്പട്ട സ്വപ്നങ്ങൾ | -കഥ |
| മഴത്താളങ്ങൾ | -കവിത |
| മനുഷ്യത്വത്തിന്റെ വകഭേദങ്ങൾ | -കഥ |
| പവിഴദ്വീപിലേക്ക് | -അനുഭവം |
| കറുപ്പ് എന്ന വർണ്ണം | -കഥ |
| നിലാവ് | -കവിത |
| പുഴസാക്ഷി | -അനുഭവം |
| ലൂയി പാസ്ചർ | -ജീവചരിത്രം |
| പൂമ്പാറ്റ | -കവിത |
| ഒരുകൊച്ചു മഴയനുഭവം | -അനുഭവം |
| വേർപാട് | -കവിത |
| ബഷീറിന്റെ ഭൂമിയുടെ അവകാശികൾ | -ആസ്വാദനം |
| ആ മഴയിൽ | -അനുഭവം |
| ഉമ്മ | -കവിത |
| നിഘണ്ടുകളുടെ രാജാവ് | -കുറിപ്പ് |
| കുഞ്ഞുടുപ്പ് | -കഥ |

E-മഷി

ദാഹം -ക

എന്റെ കുട്ടിക്കാലം -ഓർമ്മ

ദീപയുടെസ്വപ്നം -കഥ

തെന്നലായി എന്റെ പൂമ്പാറ്റ -കവിത

കുഞ്ഞനിയൻ -കവിത

# ജി.എം.എച്ച്.എസ് രാരോത്ത്

കോഴിക്കോട് വയനാട് ദേശീയ പാതയോരത്ത് താമരശ്ശേരിക്കടുത്ത് പരപ്പൻ പൊയിലിന്റെ ഹൃദയഭാഗത്ത് രാരോത്ത് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നു.1922 ൽ ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച ഈ സ്ഥാപനത്തിന് ആവശ്യമായ സ്ഥലവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിയത് പുല്ലാഞ്ഞിക്കുറ്റി മരക്കാർ സാഹിബാണ്. ഭൗതിക വിദ്യാഭ്യാസത്തിന് തീരെ പ്രാധാന്യം കൽപിക്കാതിരുന്ന ആ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ പൊതുവേ കുറവായിരുന്നു. പരേതനായ എടക്കണ്ടിയിൽ വേലുക്കുട്ടിയാണ് ഈ സ്ഥാപനത്തിലെ ആദ്യ വിദ്യാർത്ഥി. 1931ൽ ടി.മുഹമ്മദ്കുട്ടിമാസ്റ്റർ പ്രധാനാധ്യാപകനായി ചുമതലയേൽക്കുകയും അക്ഷരത്തിന്റെയും അറിവിന്റെയും കൈത്തിരിയുമായി വീട് വീടാന്തരം കയറിയിറങ്ങി കുട്ടികളെ വിദ്യാലയത്തിലെത്തിക്കുകയും ചെയ്തു .1956 ൽ ഈ സ്ഥാപനം ഒരു അപ്പർ പ്രൈമറി സ്കൂളായും 2014ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. ഇതോടെ വിദ്യാർത്ഥികളുടെ

എണ്ണം വർദ്ധിക്കുകയും കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലായി 850 കുട്ടികളാണ് പഠിക്കുന്നത്.കഴിഞ്ഞ കാല SSLC പരീക്ഷകളിൽ ഉന്നത വിജയം നേടിയ ഈ വിദ്യാലയത്തിനു സ്വന്തമായി ഒരു കളിസ്ഥലം ഇല്ല. PTA, MPTA SMC എന്നിവയുടെ സംയുക്ത പ്രവർത്തനങ്ങളും നേതൃത്വവും ഈ വിദ്യാലയത്തിന്റെ നല്ല നാളെയുടെ പ്രതീക്ഷകൾക്ക് ആക്കം കൂട്ടുന്നു.



# Glimpses of our school




G. M. H. S RAROTH
PARAPPAN POYIL
A Grade

# രണ്ട് പ്രണയ കവിതകൾ

നീയായി പെയ്ത
പെരുമഴ നനഞ്ഞു ഞാൻ
പെരുവഴിയിൽ
ഒറ്റയ്ക്കു നിൽക്കയാണിപ്പോഴും
ഇഷ്ടമാണെനിക്ക് അത്രമേൽ
നിന്റെ സ്നേഹത്തിന്റെ
പെരുമഴ നനയുവാൻ

ദശോപദേശങ്ങളോടു ള്ള
വെല്ലുവിളിയായിരുന്നു
എന്റെ പ്രണയം
ദൈവ കൽപ്പനകൾക്കുമേൽ
കാൽ ചവിട്ടി
അതിപ്പോഴും
വിജയം കാത്തിരിക്കുന്നു.

-സിജീഷ് വയലട

Teacher

# നഷ്ടപ്പെട്ട സ്വപ്നങ്ങൾ

അമ്മു , അങ്ങനെ വിളിക്കാം അവളെ..... വീട്ടില് രണ്ടാമത്തെ കുട്ടിയായിരുന്നു ... അമ്മയേക്കാൾ അച്ഛനോട് ആയിരുന്നു അവൾക്ക് അടുപ്പം.... ചേട്ടനോടും അനിയത്തിയോടും തല്ല് കൂടിയും കൂട്ട് കൂടിയും ഉള്ള ബാല്യം...സ്കൂളിൽ പഠനത്തോടോപ്പം കലാ കായികരംഗത്തൊക്കെ തൻ്റേതായ ഒരു കയ്യൊപ്പ് അവൾക്ക് ഉണ്ടായിരുന്നു....പഠനത്തിൽ മിടുക്ക് ഉണ്ടായിട്ടും അനിയത്തിയും വളർന്ന് വരുന്നു എന്ന കാരണത്താൽ പതിനെട്ട് തികഞ്ഞപ്പോൾ തന്നെ വിവാഹിതയായി...ഒട്ടും നിരാശ ഇല്ലാതെ തന്നെയാണ് പുതിയൊരു ജീവിതത്തിൽ കാലെടുത്ത് വെച്ചത്....ആദ്യ രാത്രിയിൽ ഭർത്താവിന് അറിയണം എത്ര പവൻ സ്വർണ്ണമുണ്ട് കയ്യില്...പവൻ പറഞ്ഞപ്പോഴോ , അത് ഏട്ടന് കിട്ടിയതിനേക്കാൾ കുറവ് .... അപ്പോ കിട്ടിയ

ഉപദേശമോ നീ ഈ വീട്ടില് വലിയ സ്ഥാനം ഒന്നും എടുക്കരുത്... സ്വർണമൊക്കെ കുറവല്ലെ.... ഏട്ടത്തിയമ്മയുടെ അത്ര യോഗ്യത ഇല്ല.....പിന്നെ ആകെ മൊത്തം ഒരു മരവിപ്പ് ആയിരുന്നു ....എന്തൊക്കെയോ തൻ്റെ ശരീരത്തിൽ സംഭവിക്കുന്നത് അറിയാം.... പക്ഷേ അതിലൊന്നും ഒട്ടും താല്പര്യം തോന്നിയില്ല....ഇന്നും ആ യോഗ്യത കുറവോട് കൂടി അയാളുടെ രണ്ട് കുട്ടികളുടെ അമ്മയായി, നല്ല മരുമകൾ ആയി നഷ്ടപ്പെട്ട സ്വപ്നങ്ങളുമായി
ജീവിക്കുന്നു....

-Sini abdulla


Teacher

# മഴത്താളങ്ങൾ

മഴ പെയ്തു തുടങ്ങി
പലതാളത്തിൽ എഴുതപ്പെട്ട കവിത പോലെ
ചിലപ്പോൾ വെയിലിന്റെ അകമ്പടിയോടെ
ഒരു ചെറു ചാറൽ അപ്പോൾ
മയക്കു പ്രണയത്തിൻറെ ഭാവം
ചിലപ്പോൾ മനസ്സിൽ
കുഴിച്ചുമൂടിയ
സർവ്വദുഃഖങ്ങളും ആവാഹിച്ചിട്ടെന്ന് പോലെ
ഇരുണ്ടു മൂടിയ മാനം
പിന്നെ ആർത്തലച്ച് ഒരു ഇരമ്പൽ
മണ്ണിനെയും മനസ്സിനെയും
കഴുകി ശുദ്ധമാക്കാൻ എന്നപോലെ
മഴക്കായി ഇനിയും
കാത്തിരിക്കുന്ന പ്രദേശങ്ങളിൽ
മഴ വരുമെന്ന പ്രതീക്ഷയോടെ താളം
കാത്തിരിപ്പിന്റെ ഭാവം

ആര്യനന്ദ കെ കെ
8B

# പ്രളയകാലം



# മനുഷ്യത്വത്തിന്റെ വകഭേദങ്ങൾ

ഒരു രാത്രിയുടെ മടിത്തട്ടിൽ സായാഹ്ന പാതയിലൂടെ വാഹനങ്ങൾ മരണപ്പാച്ചിൽ നടത്തുന്നുണ്ട്. ഇതിനിടയിലായി ഇബ്രാഹിം എന്ന മാധ്യമപ്രവർത്തകന്റെ കണ്ണിൽ ഒരാൾക്കൂട്ടം ശ്രദ്ധയിൽപ്പെട്ടു. അവിടെ നടക്കുന്ന വാക്ക് തർക്കങ്ങൾ ഉയർന്നുപൊങ്ങി അന്തരീക്ഷത്തിൽ അലയടിക്കുന്നുണ്ട്.

"ഇല്ല ഇവനെ എൻറെ വണ്ടിയിൽ കേറ്റാൻ ഞാൻ സമ്മതിക്കത്തില്ല കാരണം ഇവൻ കുറി തൊട്ടവനാണ് ഇവനെ കൊണ്ട് ഇവിടെ ആർക്കും ഒരു ഉപകാരവും ഇല്ല"

ഈ വാക്കുകൾ ആണ് ഇബ്രാഹിം കേട്ടത്. അവിടെ എന്താണ് നടക്കുന്നത് എന്നറിയാൻ അവൻ തിടുക്കത്തോടെ അവിടെ എത്തിനോക്കി രക്തം പറ്റിയ റോഡ്, ശ്വാസത്തിനായി പിടയുന്ന ഒരുത്തൻ. പെട്ടെന്ന് അവൻ നോക്കി നിൽക്കെ ഒരു പർദ്ധധാരിയായ പെൺകുട്ടി വന്ന് അയാളെ വേഗം തന്നെ വണ്ടിയിൽ കേറ്റി. അവളുടെ വണ്ടി ചെന്നെത്തിയത് ആശുപത്രിയിലാണ് .

പിന്നീട് അതിവേഗം കാര്യങ്ങൾ ഓടി ആശുപത്രി ചിലവുകൾ എല്ലാം അവൾ ഏറ്റെടുത്തു. അവൾ പോകാനായി തുനിഞ്ഞപ്പോൾ ഇബ്രാഹിം അവരുടെ അടുത്തേക്ക് ചെന്നു. താൻ കുറെ നേരമായി ചോദിക്കാൻ ആയി നിന്ന് ആ ചോദ്യം അവൻ മുന്നിലേക്ക് ഇട്ടു.

"നിങ്ങളുടെ ഈ വേഷത്തെ വെറുക്കുന്ന ഒരു ബന്ധവും ഇല്ലാത്ത ഒരാളെ നിങ്ങൾ എന്തിനാണ് സഹായിച്ചത്?'

അവൾ ഒന്ന് പുഞ്ചിരിച്ച ശേഷം പറഞ്ഞു "നമ്മളെല്ലാവരും ദൈവത്തിൻറെ സൃഷ്ടികൾ അല്ലേ, നമ്മൾ ഒരു പിതാവിൽ നിന്നും മാതാവിൽ നിന്നും ഉണ്ടായവരല്ലേ, അപ്പോൾ ബന്ധമില്ലെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്. പിന്നെ വേഷവിധാനങ്ങൾ ഓരോരുത്തരുടെയും ഇഷ്ടമല്ലേ''

ശേഷം അവൾ അവിടെ നിന്നും പോയി. ഇബ്രാഹിം കുറച്ചുനേരം ചിന്തയിലുണ്ടു. ഭൂമിയിൽ വെളിച്ചം വറ്റാത്ത ഒരു പിടി മനുഷ്യനും അവശേഷിക്കുന്നുണ്ടെന്നോർത്ത് അവൻ ഒന്നു പുഞ്ചിരിച്ചു.

-ജെബിൻ
10 A

# പവിഴദ്വീപിലെത്തിയപ്പോൾ

പ്രകൃതിസൗന്ദര്യം അനിർവചനീയമാണ് എന്നതിൽ തർക്കമില്ല. പ്രകൃതിസൗന്ദര്യത്തെ കുറിച്ച് എഴുതിയ കവിതകൾ ഒന്നും പൂർണമല്ല. സാഗരത്തിലെ തിരമാലകൾ പോലെയാണ് പ്രകൃതി എന്ന് ഞാൻ മനസ്സിലാക്കിയത് ഒരു യാത്രയിലൂടെ ആയിരുന്നു. പത്തു ദിവസം ദൈർഘ്യം ഏറിയ ആ യാത്ര എനിക്ക് പതിനായിരം അനുഭവങ്ങളാണ് സമ്മാനിച്ചത്. എന്റെ ജീവിതാവസാനം വരെയും ഈ അനുഭവങ്ങൾക്ക് എൻറെ മനസ്സിൽ സ്ഥാനം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ത്യയുടെ പവിഴ ദ്വീപിലേക്ക് ആയിരുന്നു ആ യാത്ര. ഇളനീല കടലും തെളിഞ്ഞാകാശവും പഞ്ചാരമണലും കൊണ്ട് ശബളാഭമായ അവിടം സ്വർഗ്ഗതുല്യമായിരുന്നു. ആരുടെയും മനം കവരുന്നതാണ് അവിടത്തെ പ്രകൃതി സൗന്ദര്യം. അവിടത്തെ ഇളംകാറ്റിനൊപ്പം താളം വെക്കുന്ന കടലിനെ ഇമ വെട്ടാതെ നോക്കിക്കൊണ്ടിരുന്നപ്പോൾ ഒരു

നിമിഷത്തേക്ക് എൻറെ സ്വബോധം നഷ്ടപ്പെട്ടു. സ്വപ്നത്തിലാണ് എന്ന് ഞാൻ തെറ്റിദ്ധരിച്ചു.സ്വയം നുള്ളി നോക്കിയപ്പോൾ വേദനയുണ്ട് സ്വപ്നം അല്ലെന്ന് തിരിച്ചറിഞ്ഞ ശേഷം ഞാൻ എന്നോട് തന്നെ ചോദിച്ചു ഇത്രയും സുന്ദരമായ പ്രകൃതി ആസ്വദിക്കാൻ മാത്രം അനുഗ്രഹീതയാണോ ഞാൻ. ഈ 10 ദിവസത്തെ യാത്രയിൽ ഞാൻ ആകാശയാത്ര മുതൽ കടൽ യാത്ര വരെ നടത്തി. വനയാത്രയിൽ ഞാൻ മേഘലങ്ങളെ കണ്ടപ്പോൾ കടൽ യാത്രയിൽ ഞാൻ മത്സ്യങ്ങളെ കണ്ടു. ഈ യാത്രയിൽ ഞാൻ അനുഭവിച്ചതും ആസ്വദിച്ചതുമായ പ്രകൃതിയെ പറ്റി വിവരിക്കാൻ എൻറെ ആയുസ്സ് തികഞ്ഞെന്നു വരില്ല. ആയുസ്സ് തികഞ്ഞാലും എൻറെ വാക്കുകൾ തികയുകയില്ല.

- ഫെല്ല
9A



# കറുപ്പ് എന്ന വർണ്ണം

അവൾ സ്റ്റഡി ടേബിളിന്റെ മുന്നിലിരുന്ന മലയാള പുസ്തകം നിവർത്തി. വർണ്ണവിവേചനത്തെ കുറിച്ച് കുറിപ്പ് മലയാളം മാഷ് പറഞ്ഞത് അവൾ ഓർമിച്ചു. അമ്മയുടെ അടുത്തേക്ക് ചെന്നു എന്നത്തെയും പോലെ പ്രവർത്തനം പറഞ്ഞു തരുവാനായി അവൾ കെഞ്ചി.അമ്മ മകൾക്ക് പറഞ്ഞുകൊടുത്തു, കറുപ്പിനെ ഒരിക്കലും വേർതിരിച്ചു കാണരുത്. അവരെയും നമ്മോടൊപ്പം കൂട്ടുക. അവരെ അകറ്റിനിർത്തുകയല്ല അടുത്തു നിർത്തുകയാണ് വേണ്ടത്. കറുപ്പും ഒരു മനോഹരമായ വർണ്ണമാണ്. എന്നിങ്ങനെ അമ്മ ഒരുപാട് പറഞ്ഞു. അവൾ അതെല്ലാം നോട്ടുപുസ്തകത്തിലേക്ക് അതേപടി പകർത്തി. രാത്രി അത്താഴം കഴിക്കുമ്പോൾ അമ്മ അച്ഛനോട് പറഞ്ഞു

"അതെ ആ കോമളയുടെ മോന്റെ കല്യാണം ഉറപ്പിച്ചു. ഇന്ന് പെൺകുട്ടിയുടെ ഫോട്ടോ കണ്ടു, ഒത്തിരി കറുത്തിട്ടാ"

അപ്പോൾ അവളുടെ കുഞ്ഞു മനസ്സിൽ ഒരു സംശയം മൊട്ടിട്ടു 'യഥാർത്ഥത്തിൽ കറുപ്പ് ഒരു നിറം അല്ലേ?

-നജ ഫാത്തിമ സി.വി
9 A

# കൗതുകമേറും അറബി കാലിഗ്രാഫി

എഴുത്തുകളിലെ സുന്ദരി ഏതാണെന്ന് അന്വേഷിക്കുമ്പോൾ അറബി ലിപിയാണെന്ന് നമുക്ക് കണ്ടെത്താൻ സാധിക്കും.
ഡിസംബർ 18 എല്ലാവർഷവും അന്താരാഷ്ട്ര അറബിക് ഡേ ആയി ആചരിച്ചു വരികയാണ്
2023ലെ അറബിക് ഡേ യുടെ പ്രമേയം പോയട്രി ആൻഡ് ആർട്ട് എന്നുള്ളതാണ്.

അറബി പദങ്ങൾ മനോഹരങ്ങളായ ചിത്ര രൂപത്തിൽ ആവിഷ്കരിക്കുന്നതാണ് അറബിക് കാലിഗ്രാഫി. വിശുദ്ധ ഖുർആൻ സൂക്തങ്ങൾ, പ്രവാചക വചനങ്ങൾ, ആപ്തവാക്യങ്ങൾ തുടങ്ങിയവ കണ്ണഞ്ചിപ്പിക്കുന്ന മനോഹാരിതയിൽ ചിത്ര രൂപത്തിലേക്ക് ആവിഷ്കരിക്കുമ്പോൾ ഏറെ കൗതുകമുള്ള കാഴ്ചയാണ്. അക്ഷരങ്ങൾ കൊണ്ട് നീട്ടിയും കുറുക്കിയും വൈവിധ്യങ്ങൾ രൂപകൽപ്പന ചെയ്യാനും ഒരു വാക്കിനുള്ളിൽ വിവിധ അർത്ഥങ്ങൾ ഒളിപ്പിച്ചുവെച്ച് അനന്തസാധ്യതകൾ പ്രദാനം

ചെയ്യാനും കഴിയുന്ന കലാവിരുന്നാണ് അറബി കാലിഗ്രാഫി. ചരിത്രത്തിൽ ഉടനീളം അറബി ഭാഷയുടെ പുരോഗതിയിൽ കാലിഗ്രാഫി വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ യുനെസ്കോ യുടെ സാംസ്കാരിക പൈതൃക പട്ടികയിൽ കാലിഗ്രാഫി ഇടം നേടി. സൗന്ദര്യവും ഐക്യവും പ്രഘടമാക്കുന്ന കലാപരമായ കയ്യെഴുത്ത് കലയാണ് കാലിഗ്രാഫി എന്ന് യൂനസ്കോ പറയുന്നു. കാൻവാസുകളിൽ തീർക്കുന്ന കൗതുകമേറും കാലിഗ്രാഫിക്ക് ആവശ്യക്കാർ ഏറെയാണ്. വീടുകളിലും ഓഫീസുകളിലും പ്രദർശിപ്പിക്കാൻ മോഹ വില നൽകിയാണ് ആവശ്യക്കാർ കാലിഗ്രാഫികൾ വാങ്ങുന്നത്. അതുകൊണ്ടുതന്നെ ആധുനിക കാലഘട്ടത്തിൽ കാലിഗ്രാഫി ഒരു ഉപജീവന മാർഗം കൂടിയാണ്.

അഭിമാനകരം എന്ന് പറയട്ടെ ഇരുപതോളം വിദ്യാർത്ഥികൾ രാരോത്ത് ജി എം എച്ച് എസ്സിൽ വളരെ ഭംഗിയായ രീതിയിൽ കാലിഗ്രാഫിയിൽ പരിശീലനം നേടി വരുന്നു. ഇതിനകം തന്നെ ഒന്നിലധികം കുട്ടികൾ തങ്ങളുടെ അസാമാന്യമായ കലാവിരുന്നിൽ ദൃശ്യം മാധ്യമങ്ങളിൽ ഇടം നേടി കഴിഞ്ഞു. ഈ കൗതുകകലയെ വളർത്തിയെടുക്കുന്നതിനായി നമുക്ക് കൈകോർക്കാം

ടി. നൂറുദ്ദീൻ മാസ്റ്റർ  കാന്തപുരം

# നിലാവ്

നറു ചിരി വിതറാൻ
ചിരി ഒളിപകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൽനിന്നീവെണ്ണിലാവ്
ഇരവിന്നിരുളിൽ
വഴിയറിയാതുഴയലും
നേരത്തെൻ ചാരത്തായണിയും
സഖിയേ... സഖിയേ
മണ്ണിൻ ഇരുൾ അകലാൻ
കണ്ണിൽ കാഴ്ചകൾ തെളിയാൻ
കനവിൽ നിറയും നിനവിൻ
കുളിരും കൂട്ടായി അണയാം
നിലാ തുവലഴയകേ....
നിറനിലാ കുടവുമായി എന്നുമെൻ
അരികിലാണയുമോ
സഖിയേ ......

-ഫാത്തിമ സെൽവ
8 B

# പുഴ സാക്ഷി

ഒരു ദിവസം ഞാൻ പുഴയിൽ കുളിക്കാൻ ഇറങ്ങുമ്പോൾ ഒരു കൂട്ടക്കരച്ചിൽ കേട്ടു. ഞാൻ ഓടിച്ചെന്നപ്പോൾ ഒരാൾ വെള്ളത്തിൽ മുങ്ങിത്താഴുന്നതാണ് കാണുന്നത്. അപ്പോൾ ഞാൻ ഒന്നും നോക്കാതെ വെള്ളത്തിലേക്ക് എടുത്തുചാടി. ഞാൻ, വെള്ളത്തിൻറെ അടിയിലേക്ക് ഇറങ്ങിയ അയാളെ ഒരു കൈ പിടിച്ച് എൻറെ കഴുത്തിലേക്ക് വെച്ച് മെല്ലെ മെല്ലെ കാലുകൊണ്ട് തുഴഞ്ഞ് തുഴഞ്ഞ് കരയിലെത്തിച്ചു. നാട്ടുകാരെല്ലാം ഓടിക്കൂടിയയാളെ ഹോസ്പിറ്റലിൽ കൊണ്ടുപോയി. നാട്ടുകാരും വീട്ടുകാരും എനിക്ക് അംഗീകാരങ്ങളും സ്വീകരണങ്ങളും നൽകി. രാഷ്ട്രപതിയുടെ ഉത്തം ജീവൻ രക്ഷാ പദവിയും കിട്ടി.

- അദ്നാൻ
10A



E-മഷി

# ലൂയി പാസ്ചർ

പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്തനായ ഫ്രഞ്ച് ശാസ്ത്രജ്ഞൻ ആണ് ലൂയി പാസ്ർ. 1822 ഡിസംബർ 27ന് ഫ്രാൻസിലെ ഡോളിലാണ് അദ്ദേഹം ജനിച്ചത്. രസതന്ത്രവും മൈക്രോബയോളജിയും ആണ് പ്രധാന മേഖലകൾ. നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്ത സൂക്ഷ്മജീവികളാണ് പകർച്ചവ്യാധികൾ ഉണ്ടാക്കുന്നതെന്ന് ആദ്യം തിരിച്ചറിഞ്ഞത് അദ്ദേഹമാണ്. പേ വിഷബാധ ആന്ധറാക്സ് എന്നിവയ്ക്കുള്ള ആദ്യ പ്രതിരോധം മരുന്നുകൾ കണ്ടുപിടിച്ചതും, സൂക്ഷ്മാണുക്കളെ നശിപ്പിക്കാനുള്ള പാസ്റ്ററൈസേഷൻ വിദ്യ കണ്ടുപിടിച്ചതും ലൂയി പാസ്റ്ററിന്റെ പ്രത്യേക നേട്ടങ്ങളാണ്. തലച്ചോറിൽ നിന്നും വേർതിരിച്ചെടുത്ത ദ്രാവകമാണ് പ്രതിരോധ മരുന്നായി ഉപയോഗിച്ചത്. അദ്ദേഹത്തിൻറെ, അസുഖങ്ങൾ സൂക്ഷ്മാണുക്കൾ മൂലമാണ് ഉണ്ടാകുന്നത് എന്ന സിദ്ധാന്തത്തെ ശരിവെക്കുന്നതായിരുന്നു. മൈക്രോബയോളജിയുടെ 3 പിതാക്കന്മാരിൽ ഒരാളായും

ലൂയി പാസ്റ്റർ അറിയപ്പെടുന്നു. രസതന്ത്രത്തിലും ധാരാളം കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ട്. ചില ക്രിസ്റ്റിലുകളുടെ സമനിധി രാഹിത്യത്തിന്റെ കാരണം തന്മാത്ര ഘടനയിലെ പ്രത്യേകത കൊണ്ടാണെന്ന കണ്ടുപിടിത്തം ഇദ്ദേഹത്തിന്റേതാണ്. 1895 സെപ്റ്റംബർ 28നാണ് അദ്ദേഹം മരിച്ചത്. അദ്ദേഹത്തിൻറെ ശവശരീരം പാരീസിലെ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിന് ഉള്ളിലെ അറയിലാണ് അടക്കം ചെയ്തിരിക്കുന്നത്. ഈ അറയ്ക്കു പുറത്ത് ഇദ്ദേഹത്തിൻറെ കണ്ടുപിടുത്തങ്ങൾ ബൈസൺ മൊസൈക്കുകൾ ഉപയോഗിച്ച് ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.

- മുഹമ്മദ് സിനാൻ

10 A

# പൂമ്പാറ്റ



പൂവിൽ ഇരിക്കും പൂമ്പാറ്റ
പൂന്തേനുണ്ണാൻ വന്നു നീ
പട്ടു പോലുള്ളൊരു  നിൻമേനി
പൂവിതൾ  പോലെ ഇരിക്കുന്നു
കുഞ്ഞിപ്പൂഴവായി കാണുമ്പോൾ
വയ്യേ എന്ന് പറഞ്ഞീടും
ഒന്നു മയങ്ങി  ഉണർന്നാലോ
എന്തൊരു ചന്തം നിൻമേനി
ഞാനും നിന്നെപ്പോലെ
ഒരു പൂമ്പാറ്റ കുഞ്ഞായെങ്കിൽ
എന്നുടെ കൂടെ പോരാമോ
എന്നോടൊത്തു കളിക്കാമോ?

-ശ്രാവൺ എസ്
7C



# ഒരു കൊച്ചു മഴ അനുഭവം

നല്ല കോരിച്ചൊരിയുന്ന മഴ വെറുതെ നടക്കാൻ ഇറങ്ങിയതായിരുന്നു ഞാൻ. പെട്ടെന്നായിരുന്നു മഴ വന്നത് അതുകൊണ്ട് അടുത്ത് കണ്ട് ഒരു പഴയ ഓടിട്ട വീട്ടിലേക്ക് ഓടിക്കയറി. ഞാൻ തനിച്ചായിരുന്നു. ശരീരത്തിലെ വെള്ളം തട്ടിമാറ്റിയ ശേഷം ആ വീട് നിരീക്ഷിച്ചു. മട്ടും ഭാവവും കണ്ടിട്ട് ആൾ താമസം ഇല്ലെന്ന് തോന്നുന്നു. ഒരു പഴയ വീട്. അവിടെയും ഇവിടെയുമായി മാറാലകൾ കിടക്കുന്നു. ഞാൻ പതിയെ ഉമ്മറക്കോലായിലെ വരാന്തയിലേക്ക് ഇരുന്നു. ഓടിന്റെ വക്കിൽ നിന്നും ഒറ്റ വീഴുന്ന ഓരോ തുള്ളിയും നോക്കിക്കൊണ്ടിരുന്നപ്പോൾ മനസ്സിന് നല്ല കുളിർമ തോന്നി. പെട്ടെന്ന് മനസ്സ് എവിടെയോ എന്നെ കൊണ്ടുപോയി. പണ്ട് മഴയത്ത് അവളോടൊപ്പം കളിച്ചതും രസിച്ചതും അമ്മ വഴക്കു പറഞ്ഞതും വാഴയില ചൂടി ഞങ്ങൾ രണ്ടുപേരും നടന്നതും ഒക്കെ ഓരോന്ന് ആലോചിച്ചിരുന്ന് മഴ തീർന്നതറിഞ്ഞില്ല. പെട്ടെന്ന് ആരോ പിന്നിൽ നിന്നും എന്നെ തട്ടി വിളിച്ചു ഞാൻ ഞെട്ടിപ്പോയി. പെട്ടെന്ന് തിരിഞ്ഞുനോക്കി ഒട്ടും പരിചിതമല്ലാത്ത മുഖം. കണ്ടാൽ കൂടുതൽ പ്രായം തോന്നിക്കാത്ത വലിയ മനുഷ്യൻ.

തെല്ല സംശയത്തോടെ അയാൾ എന്നോട് ചോദിച്ചു "ആരാ?" ഞാൻ ഒന്നും മിണ്ടിയില്ല ഞെട്ടൽ മാറാത്ത ഞാൻ സ്തംഭിച്ചു നിൽക്കുകയായിരുന്നു. വീണ്ടും കൂർപ്പിച്ചു ചോദിച്ചു "ആരാന്ന്" ഞാൻ പറഞ്ഞു "ഞാൻ ഇവിടെ അടുത്തുള്ളതാ മഴ വന്നപ്പോൾ ഇവിടെ കയറിയതാണ്. അല്ല നിങ്ങൾ ആരാ?" അയാൾ പറഞ്ഞു ഈ വീട് എന്റെയാണ്. ഈ വീട് അയാൾക്ക് ഒന്ന് വൃത്തിയാക്കിക്കൂടെ കുറച്ചു പുച്ഛത്തോടെ ഞാൻ മനസ്സിൽ കരുതി . പിന്നെ അയാൾ എന്തൊക്കെയോ പറഞ്ഞു അതൊന്നും എന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. പെട്ടെന്ന് മോളെ എന്ന് ഒരു വിളി കേട്ടു അമ്മയായിരുന്നു. അമ്മ വന്നപ്പോൾ ഞാനും അയാളോട് പോട്ടെ എന്ന് പറഞ്ഞ് വീട്ടിലേക്ക് പോയി.

ദിയ
10A

# വേർപ്പാട്

വേർപ്പാടിന്റെ വേദന.....
മായാത്ത മുറിവുകളെപോലെയാണ്
മായാത്ത മുറിവുകൾ
ഇല്ലെന്ന് പലരും പറഞ്ഞു
മായാത്ത മുറിവുകൾ
ഇല്ലെന്ന് എൻ മനസ്സും സദാ മന്ത്രിച്ചു
ദിവസങ്ങൾ പൊഴിയും തോറും
മുറിവിന്റെ വേദന കൂടിയതേയുള്ളു...
മായാത്ത മുറിവുകളുണ്ടെന്ന്
ഞാനിന്നറിഞ്ഞു
ഒരിക്കലും തുറക്കരുതെന്ന് ഞാനഗ്രഹിച്ച
എൻ മനസ്സിലെ
വിരഹത്തിൽ അറ കൊടുങ്കാറ്റ് പോൽ തുറന്നു
എൻ വിരഹത്തിൻ
കൊടുങ്കാറ്റ് ഇവിടെയുങ്ങുമലഞ്ഞു.............

-നജ ഫാത്തിമ സി. വി
9 A

# ബഷീറിന്റെ ഭൂമിയുടെ അവകാശികൾ

മലയാളസാഹിത്യമണ്ഡലത്തിൽ ഇതിഹാസ തുല്യമായ ഒരു സ്ഥാനം അലങ്കരിക്കുന്ന കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. തന്റേതായ വാക്കുകളും ശൈലിയും ആണ് ബഷീറിൻറെ സവിശേഷത. അദ്ദേഹത്തിന്റെ പ്രശസ്തമായ കഥകളിലൊന്നാണ് ഭൂമിയുടെ അവകാശികൾ. സകല ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഭൂമി എന്ന് ഭൂമിയുടെ അവകാശികളിലൂടെ ബഷീർ ചൂണ്ടിക്കാട്ടുന്നു. വളരെയധികം വർത്തമാനകാല പ്രസക്തിയുള്ള കഥയാണിത്. മനുഷ്യൻറെ ഭൂമിക്ക് മേലുള്ള അനധികൃതമായ കടന്നു കയറ്റത്തിനുള്ള ഒരു മുന്നറിയിപ്പ് കൂടിയാണിത്. സകല ജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമാണുള്ളത് എന്ന ആശയം ഈ കഥയിലൂടെ അദ്ദേഹം സരളമായി അവതരിപ്പിക്കുന്നു. മനുഷ്യന് ഭൂമിയുടെ മേൽ അധികാരം ഉണ്ടെന്ന് മിഥ്യാധാരണയുടെ പുറത്ത് ചെയ്തുകൂട്ടുന്ന അത്യാചാരങ്ങളോടുള്ള ബഷീറിൻറെ അതൃപ്തിയും ഈ കഥയിൽ ദർശിക്കാവുന്നതാണ്. കേവലമായ പ്രകൃതി വർണ്ണനയോ പ്രകൃതിയിലെ ചരാചരങ്ങളോടുള്ള പ്രേമമോ മാത്രമല്ല ഭൂമിയുടെ അവകാശികളിൽ ഉള്ളത്, ഭൂമിയിലെ സർവ്വചരാചരങ്ങളെയും ബഷീർ തുല്യമായി കാണുന്നു. ഒരു കുടുംബ പശ്ചാത്തലത്തിലൂടെ ലളിതമായ ഭാഷയിൽ ലോകം നേരിടാൻ പോകുന്ന വലിയ

വിപത്തിലേക്കാണ് ബഷീർ നമ്മുടെ ശ്രദ്ധ തിരിക്കുന്നത് സ്വാർത്ഥ താല്പര്യത്തിന് വേണ്ടി നശിപ്പിക്കുന്ന ഒരു കൂട്ടം ആളുകളുടെ പ്രതിനിധിയായി ഭാര്യയും, പരിസ്ഥിതിവാദികളുടെ പ്രതിനിധിയായി ബഷീറും നിലകൊള്ളുന്നു. ലളിതമായതും നർമ്മരസം തുളുമ്പുന്നതുമായ സവിശേഷമായ ഒരു രചനാ രീതിയാണ് ബഷീറിൻറെ കൃതികൾക്കെല്ലാം പൊതുവേയുള്ളത്. എന്നാൽ ശക്തമായ ആശയഭാഷയും ചിലപ്പോൾ പരിഹാസം തന്നെയും വരികൾക്കിടയിൽ ഒളിപ്പിച്ചുവെച്ചു വായനക്കാരെ കേവലത്തിൽനിന്ന് ആഴത്തിലുള്ള ചിന്തകളിലേക്ക് കൊണ്ടുപോകുന്ന ബഷീർ താരതമ്യങ്ങൾക്ക് അതീതമാണ്.

-അത്തൂഫ മിലു

9A



# ആ മഴയിൽ

പുറത്ത് ഇരച്ചു പെയ്യുന്ന മഴയുടെ ശക്തി ഞാൻ അറിഞ്ഞതേയില്ല. കാരണം ഞാൻ നല്ല ഉറക്കത്തിലായിരുന്നു. ഇടയ്ക്ക് എപ്പോഴോ അമ്മ ദേഹത്ത് വലിച്ചിട്ട പുതപ്പ് വേഗത്തിൽ പുതച്ചതോർമ്മയുണ്ട്. സുഖത്തിലങ്ങനെ ഉറക്കത്തിലാണ്ടപ്പോഴാണ് ഓലക്കീറിലൂടെ ദേഹത്ത് മഴ ഇറ്റു വീണതും പുതപ്പ് നനയാൻ തുടങ്ങിയതും. മഴയെ പ്രാകിക്കൊണ്ട് സ്ഥലം മാറി കിടന്നപ്പോഴും മഴ ആർത്തലച്ചു പെയ്യുന്നുണ്ടായിരുന്നു .

ദേവനന്ദ. വി
9A

# ഉമ്മ

ഉമ്മയാണ് എൻറെ ലോകം
ഇരുട്ടിൽ നിന്ന് എന്നെ വെളിച്ചം
കാണിച്ചത് എന്റെ ഉമ്മയാണ്
എന്റെ പാട്ടിന് ഈണം
പകരാൻ എന്റെ
ഉമ്മയ്ക്ക് കഴിഞ്ഞു
ഉമ്മ ലോക സത്യമാണ് സത്യം സത്യം ...

-ഷെയ്ക്ക

# നിഘണ്ടുകളുടെ രാജാവ്

പഠനപ്രവർത്തനത്തിനിടയിൽ വിഷമം പിടിച്ച ഒരു വാക്കിൻറെ അർത്ഥം അറിയാൻ എന്താണ് ചങ്ങാതിമാർ ചെയ്യുക, നല്ല ഒരു ഡിക്ഷണറി നോക്കും അല്ലേ? ആ തടിമാടൻ ഗ്രന്ഥം ഒന്ന് തുറന്നുനോക്കിയാൽ ഏതു വാക്കിന്റെയും അർത്ഥം കണ്ടുപിടിക്കാൻ ആവും. ലോകത്തിൽ പല ഡിക്ഷ്ണറികളിന്നുണ്ട്. ഏറ്റവും വലിയതേത് എന്ന് ചോദ്യത്തിനുള്ള ഉത്തരമാണ് ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷനറി. ഈ നിഘണ്ടു ആദ്യമായി പ്രസിദ്ധീകരിച്ചത് 1884 ഫെബ്രുവരി ഒന്നിനായിരുന്നു. ഗൂഗിളിന്റെ പുതിയകാലത്ത് കുട്ടുകാർക്ക് ഡിക്ഷണറിയിൽ പുതുമയൊന്നും തന്നെയില്ല.

ഹന്ന ഹാദിയ
6A

# കുഞ്ഞുടുപ്പ്

എത്രകാലമായി ഞാനീ ഹാങ്ങറിൽ തൂങ്ങി കിടക്കുന്നു. പൊടിപിടിച്ച് ഇങ്ങനെ കഴിയാനാണ് എൻറെ വിധി. ഇപ്പോൾ ഇതാ എൻറെ മുകളിൽ ഒരു പുതിയ മോഡൽ ഡ്രസ്സ് വന്നിരിക്കുന്നു. എത്രയോ പേർ കുഞ്ഞുങ്ങളുമായി വന്നിരിക്കുന്ന എന്നെ ആർക്കും ഇഷ്ടമായില്ല. എല്ലാവർക്കും മോഡൽ ഡ്രസ്സുകൾ മതി. ഇനി എന്നാണാവോ എന്നെ കൂട്ടുകാരൻ എടുത്തു ഒഴിവാക്കിയ ഡ്രസ്സുകളുടെ കൂട്ടത്തിൽ ഇടുന്നത്. ഓരോന്ന് ഓർത്തപ്പോൾ അറിയാതെ കണ്ണുനിറഞ്ഞു. ആരോ എന്നെ പിടിച്ചു വലിക്കുന്നല്ലോ ആരാണത്. ചിന്തകളിൽ നിന്ന് ഞെട്ടി ഉണർന്ന് താഴോട്ട് നോക്കി. ഹായ് ഭംഗിയാർന്ന ഒരു കുഞ്ഞു കൈ എന്നെ വലിച്ച് പിടിച്ച് കൊണ്ട് ഒരു കുട്ടി അവളുടെ അരികെയുള്ള അച്ഛനോട് എനിക്ക് ഉടുപ്പ് വേണമെന്ന് പറഞ്ഞു കെഞ്ചുന്നുണ്ട്. അച്ഛൻറെ കയ്യിൽ ഞാൻ കണ്ടു എൻറെ മുകളിൽ ഇട്ടിരുന്ന മോഡേൺ ഡ്രസ്സ്. അത് കാട്ടിക്കൊണ്ടു മോൾക്ക് ഇത് മതി എന്ന് പറയുന്നുണ്ടായിരുന്നു. അവൾ എൻറെ തുമ്പിൽ പിടിച്ചു ഇതു മതി എന്ന് പറഞ്ഞ് ചിണുങ്ങാൻ തുടങ്ങി. അച്ഛൻ അവളുടെ വാശിക്ക് എന്നെയും ആ മോഡേൺ ഡ്രസ്സിനെയും എടുത്തു. അവളുടെ മുഖം

സന്തോഷത്താൽ തിളങ്ങി. വീട്ടിലെത്തിയ ഉടുപ്പ് അവളെന്നെയെടുത്ത് അമ്മയ്ക്ക് കാണിച്ചു കൊടുത്തു. അമ്മ എന്നെ കണ്ടതും അനിഷ്ടത്തോടെ അച്ഛനോട് ചോദിച്ചു

"നിങ്ങൾക്ക് ഈ ഉടുപ്പാണോ കിട്ടിയത്"

ഡ്രസ്സ് കാണിച്ചു അച്ഛൻ പറഞ്ഞു "ഇതാണ് അവൾക്ക് എടുത്തത്. അത് അവളുടെ വാശിക്ക് വാങ്ങിയത് ആണ്"

"എനിക്ക് ഇത് മതി. അമ്മ കണ്ടില്ലേ ഇതിൽ നിറച്ചു പൂക്കളും പൂമ്പാറ്റകളും ആണ്. എനിക്ക് ഇതു മതി" എന്ന് കുഞ്ഞു കൈകളാൽ നെഞ്ചോട് ചേർത്തുകൊണ്ട് അവൾ എന്നെ ഉമ്മ വെച്ചു സന്തോഷത്താൽ എന്റെ മനസ്സ് നിറഞ്ഞു.

-Ghans Fathima
7A



# ദാഹം

നിന്നിൽ നിന്നതിരുന്ന സ്നേഹത്തിനുറ്റിനായി
എൻ കണ്ഠമെവിടെയോ വിങ്ങി വീർക്കുന്നുവോ
എന്നിലേക്കതിരുവാൻ നീ പെയ്ത ഓർമ്മകൾ
എവിടെയോ എങ്ങോ മറഞ്ഞു നീങ്ങുന്നുവോ
എന്റെയീ ലോലമാം കണ്ഠത്തിനുള്ളിലേ-
ക്കുറ്റുന്ന വെള്ളമായി നീ വന്നു ചേരണം
അന്നു നീ പെയ്യുന്ന ഓർമ്മകൾ നനയേണം
ദാഹമെനിക്കുമില്ലേയോ സഖി
നിന്റെയിറ്റു സ്നേഹത്തിനായി
നിന്റെയിറ്റോർമ്മയ്ക്കായി

Naja fathima c.V
9A

# എൻറെ കുട്ടിക്കാലം

ജനിച്ചന്ന് മുതലേ എനിക്ക് അസുഖങ്ങൾ ആയിരുന്നു. പനി, ജലദോഷം, ചുമ ഇതങ്ങനെ മാറിമാറി മാസങ്ങളിൽ കുറഞ്ഞത് രണ്ടുവട്ടമെങ്കിലും എനിക്ക് വരും. എനിക്ക് തന്നെ തോന്നിയത് ഈ പനിക്കും ജലദോഷത്തിനും എൻറെ മേൽ ഒന്ന് കേറി നിരങ്ങിയില്ലെങ്കിൽ ഉറക്കം വരില്ല എന്നാണ്. അതുകൊണ്ട് തന്നെ ഒന്നു മഴയത്ത് കളിക്കാനോ മണ്ണപ്പം ചുട്ടു രസിക്കാനോ ചളിയിൽ കിടന്നു ഉരുളാനോ ഒന്നും എനിക്ക് പറ്റിയില്ല. ഒന്ന് തിരിഞ്ഞാൽ അസുഖങ്ങളല്ലേ എന്ത് ചെയ്യാനാ? എൻറെ സ്കൂളിലത്തെ ഡയറിയിലെ ലീവ് ലെറ്റർ എഴുതാനുള്ള പേജുകൾ വരെ നിറഞ്ഞ അവസ്ഥയായിരുന്നു. മാസത്തിൽ ഒരു പത്ത് ദിവസമെങ്കിലും ഞാൻ ഹോസ്പിറ്റലിൽ ആയിരുന്നു. ഞാൻ കാരണം എത്ര ഡോക്ടർമാർ പണക്കാരായെന്നറിയില്ല. ഞാൻ അറിയപ്പെട്ടത് പ്ലാസ്റ്റിക് എന്നായിരുന്നു.

എന്താണെന്ന് വെച്ചാൽ എൻറെ കൈയും കാലു പൊട്ടുന്നതായിരുന്നു. രണ്ടുമാസം കൂടുമ്പോൾ എവിടെയെങ്കിലും ഒരു കെട്ട് എന്റെ കാലിനും കൈക്കും മസ്റ്റാണ്. അത് പറഞ്ഞ് ഇപ്പോഴും എന്റെ കൂട്ടുകാർ എന്നെ കളിയാക്കും. അതുകൊണ്ടുതന്നെ എനിക്ക് മറ്റുള്ള കുട്ടികളെപ്പോലെ കുട്ടിക്കാലം കളിച്ചു ആസ്വദിക്കാൻ കഴിഞ്ഞില്ല. ഒരു 12 വയസ്സുവരെ ഇത് തുടർന്നു. ഇപ്പോൾ എനിക്ക് കുഴപ്പമൊന്നുമില്ല അതിനു ദൈവത്തിന് നന്ദി.

- ഹന്ന ഫാത്തിമ

10A

# ദീപയുടെ സ്വപ്നം

ദീപ വളരെ നല്ല ഒരു കുട്ടിയാണ്. അവൾ ഒരു ഗ്രാമത്തിലാണ് ജീവിക്കുന്നത്. അവളുടെ വീട്ടിൽ അച്ഛനും അമ്മയും പിന്നെ അവളും ആണുള്ളത്. അച്ഛൻ കൂലിപ്പണിക്കാരൻ ആണ്. ഗ്രാമത്തിലെ ഒരു സ്കൂളിലാണ് അവൾ പഠിക്കുന്നത്. ഒരു ദിവസം സ്കൂൾ വിട്ടു വീട്ടിലെത്തിയപ്പോൾ കേൾക്കുന്നത് അച്ഛൻറെ മരണവാർത്തയാണ്. ആക്സിഡൻറ് ആയിട്ടാണ് അച്ഛൻ മരിച്ചത്. അവൾ ആകെ തളർന്നുപോയി. അമ്മയെ എങ്ങനെ ആശ്വസിപ്പിക്കണം എന്ന് അവൾക്ക് അറിയില്ല. പിന്നീട് അങ്ങോട്ട് അവളുടെ വീട്ടിൽ ദാരിദ്രവും കഷ്ടപ്പാടും ആണ്. അമ്മ മറ്റുള്ള വീടുകളിൽ ജോലി ചെയ്യാൻ പോകാൻ തുടങ്ങി. എത്ര കഷ്ടപ്പെട്ട് പണിയെടുത്തിട്ടും വീടിൻറെ വാടകക്കുള്ള പണം തികയുന്നില്ല. കുറച്ചുകൂടി പണം സമ്പാദിക്കാൻ അവർ പട്ടണത്തിലേക്ക് പോകാൻ തീരുമാനിച്ചു. അവളുടെ അമ്മയ്ക്ക് അവിടത്തെ ഒരു വലിയ ഹോട്ടലിൽ ജോലി ലഭിച്ചു. അവൾ അവിടുത്തെ ഒരു സ്കൂളിൽ പോകാനും തുടങ്ങി. അവൾക്ക് കൂട്ടുകാർ ആരുമില്ല. അവൾ സ്കൂളിൽ പോകുന്നതും വരുന്നതും ഒറ്റയ്ക്കാണ്. പാവപ്പെട്ട വീട്ടിലെ കുട്ടി ആയതിനാൽ അവളുടെ വസ്ത്രധാരണത്തിൽ


കുട്ടികൾ അവളെ പരിഹസിച്ചു. എല്ലാവരുടെയും പരി അവൾക്ക് സങ്കടമായി. അന്ന് അവൾ ഒരു തീരുമാനം എടുത്തു. ഒരുനാൾ എന്നെ കളിയാക്കിയവരുടെ മുന്നിൽ ഞാൻ അഭിമാനത്തോടെ തലയുയർത്തി നടക്കും. എൻറെ അമ്മയെ പരിഹസിച്ചവർക്ക് മുന്നിലും, എന്നെ ഡോക്ടർ ആകണമെന്ന് അച്ഛന്റെയും അമ്മയുടെയും ആഗ്രഹം ഞാൻ നിറവേറ്റും. എന്നിവ അവൾ അടിവരയിട്ട് ഉറപ്പിച്ചു. ഈ ലക്ഷ്യം മുന്നിൽകണ്ട് അവൾ നന്നായി പഠിക്കാൻ തുടങ്ങി. പരീക്ഷകളിൽ നല്ല മാർക്ക് വാങ്ങി. സ്കൂളിൽ ഒന്നാംസ്ഥാനത്തെത്തി. അവളെ പരിഹസിച്ചവർ ഒരു നിമിഷം പകച്ചു നിന്നു പോയി. കാലങ്ങൾ കഴിഞ്ഞുപോയി. അവൾ അവളുടെ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടേയിരുന്നു. ഒരുനാൾ അവളുടെ ലക്ഷ്യം പൂർത്തീകരിച്ചു. ഡോക്ടർ എന്ന പദവിയിൽ എത്തിച്ചേർന്നു. അവളും അമ്മയും ആ പഴയ വീട്ടിൽ നിന്നും അവരുടെ പുതിയ വീട്ടിലേക്ക് താമസം മാറി. അമ്മ ഇപ്പോൾ വളരെയധികം സന്തോഷവതിയാണ്. സന്തോഷത്തോടെ അവർ ജീവിതം തുടരുന്നു.

ഈ കഥയിൽ നിന്നു നാം പഠിക്കുന്നത് 'ലക്ഷ്യം മുന്നിൽകണ്ട് പ്രവർത്തിച്ചാൽ നമുക്ക് എന്തും നേടിയെടുക്കാം'

എന്നതാണ്.

- ഡാനിയ ഫാത്തിമ

7 C



# തെന്നലായി എൻറെ പൂമ്പാറ്റ 

എന്തു വെളിച്ചം പൂമ്പാറ്റേ
എന്തു തെളിച്ചം പൂമ്പാറ്റേ
മുങ്ങാം പൊങ്ങാം കുളിർ നീന്താം
പൊൻവെയിലിൽ
ആടി വരും പൂങ്കാറ്റിൽ ക്കുടൊരുക്കാം
ഒന്നായി പാടാം പൂങ്കാറ്റേ.

- അനായാ ഫൈസൽ
6C

# കുഞ്ഞനിയൻ

എനിക്കുമുണ്ടൊരു കുഞ്ഞനിയൻ
അപ്പൂസ് എന്നൊരു കേമൻ
കവിളത്തുമ്മ കൊടുക്കുമ്പോൾ
കണ്ണുതുറന്നു ചിരിക്കുമവൻ
കുറുമ്പുകാട്ടി കുസൃതി കാട്ടി
എല്ലാവരെയും ചിരിപ്പിക്കുമിവൻ
എൻറെ സ്വന്തം കുഞ്ഞനിയൻ

-ഇസ ഫാത്തിമ
6C

